
ഗവ.യു പി എസ് ഫോർ ഗേൾസ്

എറണാകുളം



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

അദ്ധ്യയനത്തിന്റെ നൂതനവും അനന്ത സാധ്യതകളുമായ് എറണാകുളത്തിന്റെ ഹൃദയ ഭാഗത്ത് എം.ജി. റോഡിലെ ജോസ് ജംഗ്ഷനും സൗത്ത് റെയിൽവേ സ്റ്റേഷനും മധ്യേ ചിറ്റൂർ റോഡിൽ സൗത്ത് ബസ്സ്റ്റോപ്പിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മാതൃകാ പെൺപള്ളിക്കൂടമാണ് ഗവണ്മെന്റ് ഗേൾസ് യു.പി. സ്കൂൾ. കൊച്ചി രാജ കുടുംബത്തിന്റെ ഗതകാല പ്രൗഢിയോടെ നിലകൊള്ളുന്ന ദർബാർ ഹാൾ ചരിത്ര വിദ്യാർത്ഥികൾക്ക് എത്രമാത്രം വിലപ്പെട്ടതാണോ അത്രമാത്രം പ്രാധാന്യം ഗേൾസ് സ്കൂളിലെ വിദ്യാർത്ഥിനികൾക്കുമുണ്ട്. 109 വർഷങ്ങളായി പ്രതിദിനം പ്രതാപം കാത്തുസൂക്ഷിച്ചുകൊണ്ട് നിലകൊള്ളുകയാണ് ഈ വിദ്യാലയം.

വായനാ പരിപോഷണത്തിലൂന്നിയ ഭാഷാ ശേഷി വികസനം സാധ്യമാക്കി ജനാധിപത്യ മൂല്യ ബോധനം നടപ്പിലാക്കുക; പ്രവൃത്തി പരിചയത്തിലൂടെ ഗണിതശേഷി വികസനം സാധ്യമാക്കി അക്കാദമിക പ്രവർത്തനങ്ങളുടെ സമയ സാരണി രൂപപ്പെടുത്തുക; പ്രകൃതി പഠനത്തിലൂടെ അധ്യയനം ശാസ്ത്രീയമായും ആനന്ദദായകവുമായ രീതിയിൽ സർഗവാസനകൾ വികസിതമാക്കുക; പ്രതിഭാ വികസന പ്രക്രിയകളിലൂടെ കായികവും സാമൂഹികവുമായ ഇടപെടലുകളിൽ കുട്ടികളെ സജീവമാക്കുക എന്നിവ പള്ളിക്കൂടത്തിന്റെ ലക്ഷ്യങ്ങളാവുമ്പോൾത്തന്നെ മലയാളേതര ഭാഷാവിദ്യാർത്ഥികൾക്കും പാർശ്വവല്ക്കരിക്കപ്പെട്ടവരുടെ കുട്ടികൾക്കും മാതൃ ഭാഷയിലൂന്നിയ അധ്യയനം സാധ്യമാകുന്നു എന്നത് എടുത്തു പറയേണ്ടതാണ്. ഇത് വിദ്യാർത്ഥികളുടെ അക്കാദമിക അക്കാദമികേതര മികവിന് കാരണമായിട്ടുണ്ട്.

കേരള ഹൈക്കോടതിയുടെ ആദ്യ വനിതാ ചീഫ് ജസ്റ്റീസ് കെ.കെ. ഉഷ, ചലചിത്ര താരം സരയൂ, ദൃശ്യ ശ്രവ്യ മാധ്യമ അവതാരക ഇന്ദു, തുടങ്ങിയ സമൂഹത്തിന്റെ വിവിധ മേഖലകളിലെ ശ്രദ്ധേയമായ വ്യക്തിത്വങ്ങൾ ഈ സ്കൂളിന്റെ സംഭാവനയും അഭിമാന സ്തംഭങ്ങളുമാണ്.

സ്മാർട്ട് ക്ലാസ് റൂം; രസതന്ത്ര, ഗണിത ശാസ്ത്ര, ജീവശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, ഭാഷാ ക്ലബ്ബുകൾ; അവയ്ക്കുള്ള പ്രത്യേക ലാബുകൾ, മുതൽക്കൂട്ടായി പ്രത്യേകം പ്രത്യേകമായുള്ള അധ്യാപികാധ്യാപക സേവനം എന്നിവ എടുത്തു പറയത്തക്കതാണ്.

ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ, കായികമേള, കലോത്സവം എന്നീ മേഖലകളിൽ സ്കൂൾതലത്തിലും സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും നമ്മുടെ കുട്ടികൾ കരസ്ഥമാക്കിയ നേട്ടങ്ങൾ മികവുറ്റതാണ്. കൂടാതെ അക്കാദമിക തലത്തിലും അക്കാദമികേതര തലത്തിലും നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങൾ കുട്ടികളെ അവരുടെ വ്യക്തി ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും മുന്നേറാൻ ഉതകുന്നവയാണ്. അധ്യാപകരുടെയും അനധ്യാപകരുടെയും പിടിഎ, എസ്എംസി, എംപിടിഎ എന്നിവയുടെയും പരിപൂർണ്ണ സഹകരണത്തോടെ പ്രവർത്തിച്ചുവരുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ഭാഷ

| Sl.no | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | Up തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ്, പദകാർഡ്,<br>ക്ലാസ്സിൽ അക്ഷരമാല പ്രദർശനം,<br>അക്ഷരമാല കളികൾ,<br>വാക്കുകൾ എഴുതിയ കാർഡുകൾ.<br>വാക്കുകൾ, വാക്യങ്ങൾ എന്നിവയുടെ നിർമാണം | | അധ്യാപകർ | |
| 2. | വീട് ഒരു പരീക്ഷണ ശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ/ഇംഗ്ലീഷിൽ/ സംസ്കൃതത്തിൽ/ മലയാളത്തിൽ  പഠിക്കുക ) | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക തയ്യാറാക്കുക.<br>ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>CWSN കുട്ടികളുടെ പങ്കാളിത്തം | | അധ്യാപകർ,<br>പി.ടി.എ | |

| | | | | | |
|---|---|---|---|---|---|
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാ ത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | വിവിധ ഭാഷകളിലുള്ള assembly<br>ദിനാചാരണങ്ങൾ<br>ക്ലാസ് ലൈബ്രറി ഉപയോഗിച്ച് അധിക വായനയ്ക്ക് അവസരം നൽകൽ.<br>ചിത്രകഥ തയ്യാറാക്കൽ, ചിത്രത്തിന് അടിക്കുറിപ്പ് തയ്യാറാക്കൽ.<br>കഥ പൂർത്തിയാക്കൽ.<br>വായനാമൂല.<br>ക്ലബ് പ്രവർത്തനങ്ങൾ. | | അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## അടിസ്ഥാന ശാസ്ത്രം

| Sl.no | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവ വൈവിധ്യ പാർക്ക്പച്ചക്കറി തോട്ടം നിർമ്മാണം ലയറിങ് ബഡ്ഡിങ് ഗ്രാഫ്റ്റിംഗ് തുടങ്ങിയ നൂതന കൃഷി രീതികൾ ഉപയോഗപ്പെടുത്തിയുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്ന പരീക്ഷണ കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്ന പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു<br>പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | 3 മാസം<br>ജൂൺമാസം ജൂലൈ മാസം ആഗസ്റ്റ് മാസം | സയൻസ് അധ്യാപകർ കുട്ടികൾ | പിടിഎ |

| | | | | | |
|---|---|---|---|---|---|
| 2. | ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക | എക്സ്പോ എക്സ്പ്ലോർആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | സെപ്റ്റംബർ ഒക്ടോബർ | ശാസ്ത്ര അധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| 3. | പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ പെട്രോളിയം കൽക്കരി പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ സൗരോർജം കാറ്റിൽ നിന്ന്ഊർജ്ജം<br><br>ദത്തങ്ങളുടെ അപഗ്രഥനം നിഗമനത്തിലെത്തൽ | ഊർജ്ജ സ്രോതസ്സുകളെ പാരമ്പര്യ സ്രോതസ്സുകൾ പാരമ്പര്യേതര സ്രോതസ്സുകൾഎന്നിങ്ങനെ തരംതിരിക്കുന്നു വിശദീകരിക്കാൻ കഴിയുന്നു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നു അവയർനസ് ക്ലാസുകൾ സംഘടിപ്പിക്കുന്നു പോസ്റ്റർ മേക്കിങ് പാഠഭാഗവുമായി ബന്ധപ്പെടുത്തി പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു പഠനോപകരണ നിർമ്മാണം പരീക്ഷണങ്ങൾ മോഡൽ നിർമ്മാണം ഇതുവരെ പഠിച്ചിട്ടുള്ള പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ മോഡലുകൾ പരീക്ഷണങ്ങൾ എന്നിവ ആസൂത്രണം ചെയ്തു നിർമ്മിച്ച പ്രദർശനം സംഘടിപ്പിക്കുന്നു | നവംബർ ഡിസംബർ | എസ് ആർ ജി കൺവീനർ ഊർജ്ജ ക്ലബ്ബ് | പിടിഎ |

| | | | | | |
|---|---|---|---|---|---|
| 4. | പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണവും ഉത്സുകത വർദ്ധിപ്പിക്കൽ | പഠനോപകരണ നിർമ്മാണം പരീക്ഷണങ്ങൾ മോഡൽ നിർമ്മാണം ഇതുവരെ പഠിച്ചിട്ടുള്ള പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ മോഡലുകൾ പരീക്ഷണങ്ങൾ എന്നിവ ആസൂത്രണം ചെയ്ത നിർമ്മിച്ച പ്രദർശനം സംഘടിപ്പിക്കുന്നു | ജനവരി ഫെബ്രുവരി മാർച്ച് | ശാസ്ത്ര അധ്യാപകർ കുട്ടികൾ | പിടിഎ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### സാമൂഹ്യ ശാസ്ത്രം

| Sl.no | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൌതികം | പിന്തുണ |
|---|---|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്ര ഗവേഷണ ബോധനം | പഴയകാല സാമഗ്രികളുടെ ശേഖരണം,പ്രാദേശികചരിത്രരചന , ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര. | | | |
| 2. | സാമൂഹ്യശാസ്ത്ര ക്ലബ് ശാക്തീകരണം | ആൽബം നിർമ്മാണം, ക്വിസ്, ശേഖരണം, സെമിനാർ | | | |
| 3. | ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ | പവർ പോയിന്റ് പ്രസന്റേഷൻ, വീഡിയോ, ഡോക്യുമെന്ററി പ്രദർശനം. | | | |

| | | | | | |
|---|---|---|---|---|---|
| 4. | ദിനാചരണങ്ങൾ,അവയുടെ പ്രാധാന്യം | ദിനങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമാണം, ക്വിസ്, ആൽബം തയ്യാറാക്കൽ, സ്കിറ്റ്, ഫ്ലാഷ് മോബ്, റാലി. | | | |
| 5. | ഇന്ത്യൻ സംസ്ഥാനങ്ങളുടെയും കേരളത്തിലെ ജില്ലകളുടെയും സ്ഥാനം തിരിച്ചറിയുന്നതിന് | ഔട്ട്ലൈൻ മാപ്പിൽ സംസ്ഥാനങ്ങൾ ജില്ലകൾ എന്നിവ കണ്ടെത്തി നിറം നൽകൽ, പസിലുകൾ പൂർത്തിയാക്കൽ. | | | |
| 6. | ജനാധിപത്യ വ്യവസ്ഥയിൽ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | സ്കൂൾ പാർലമെന്റ് ഇലക്ഷൻ സാധാരണ ഇലക്ഷന്റെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് നടത്തുന്നു | | | |
| 7. | വൈവിധ്യങ്ങൾ തിരിച്ചറിയുന്നു | ഡിജിറ്റൽ ആൽബംതയ്യാറാക്കൽ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗണിതം

| Sl.no | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | കുട്ടികളിൽ ഗണിതത്തോട് താത്പര്യം വർധിപ്പിക്കുക. | ഗണിതക്വിസ് നടത്തുക<br><br>ഗണിതക്ലബ്ബ് രൂപീകരിക്കുക. | 2 ആഴ്ചയിലൊരിക്കൽ.<br><br>വർഷത്തിലൊരിക്കൽ. | ഗണിതാധ്യാപകൻ<br><br>ഗണിതാധ്യാപകൻ | |
| 2. | ഗണിതത്തോട് വിരക്തിയുള്ളവരെ അതിലോട്ട് ആകർഷിക്കുക. | ഗണിതമാഗസിൻ തയ്യാറാക്കുക. | വർഷത്തിലൊരിക്കൽ. | ഗണിതാധ്യാപകൻ | സ്പോൺസർഷിപ്പ് |
| 3. | ഗണിതം ആസ്വാദ്യകരമാക്കുക | ഗണിത നിഘണ്ടു തയ്യാറാക്കുക | വർഷത്തിലൊരിക്കൽ. | ഗണിതാധ്യാപകൻ | |
| 4. | ഗവേഷണ താത്പര്യം ഉണ്ടാക്കുക | ഗണിതശാസ്ത്രമേളയിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുക.<br><br>പ്രശസ്തരായ ഗണിതാധ്യാപകരുടെ സെമിനാറുകൾ സംഘടിപ്പിക്കുക. | വർഷത്തിലൊരിക്കൽ.<br><br>വർഷത്തിലൊരിക്കൽ | ഗണിതാധ്യാപകൻ<br><br>ഗണിതാധ്യാപകൻ | പി.ടി.എ<br><br>സ്പോൺസർഷിപ്പ് |

| | | | | | |
|---|---|---|---|---|---|
| 5. | ഗണിതപഠനം ജീവിതഗ്രന്ഥിയാക്കുക. | മോഡലുകൾ നിർമ്മിക്കുക.<br>ജിയോജിബ്രയുടെ ഗണിതാശയങ്ങൾ ലളിതമാക്കുക. | ദീർഘ കാലം | ഗണിതാധ്യാപകൻ, പി.ടി.എ | |
| 6. | ഭിന്നശേഷിക്കാരെ ഗണിതമേഖലയിലേക്ക് ആകർഷിക്കുക. | ഗണിതലാബ് സജ്ജീകരണം<br><br>ഗണിതകേളി. | പ്രതിമാസം | ഗണിതാധ്യാപകൻ, എസ്. ആർ.ജി<br><br>ഗണിതാധ്യാപകൻ, പി.ടി.എ | തദ്ദേശസ്വയംഭരണസ്ഥാപനം |
| 7. | ഹൈലെവൽ ശേഷിക്കാർക്ക് വിഷയത്തിൽ കൂടുതൽ അവസരം നൽകുക. | ഗണിതമാതൃകകളുടെ നിർമാണപ്രദർശനം<br><br>ഗണിതബ്ലോഗ് | | | |